5169

"ഭരണഭാഷ - മാതൃഭാഷ"

നം: ക്യൂ.ഐ.പി 2/13018/2020/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 23/09/2020

പ്രേഷകൻ

**പൊതുവിദ്യാഭ്യാസ ഡയറക്ടർ,**
**തിരുവനന്തപുരം.**

സ്വീകർത്താവ്

**എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും**
**എല്ലാ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും**
**എല്ലാ ഹൈസ്ക്കൂൾ പ്രഥമാധ്യാപകർക്കും**
**(ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)**

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - B.Ed/D.El.Ed വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് ചെയ്യാൻ അനുമതി നൽകുന്നത്-സംബന്ധിച്ച്

സൂചന:- 18/08/2020 തീയതിയിലെ എം.ജി യൂണിവേഴ്സിറ്റി വൈസ് ചാൻസലറുടെ കത്ത് നമ്പർ VC.502/01/009/2020

****

25/9/20

28/9/20

28/9/2020

എം.ജി യൂണിവേഴ്സിറ്റി നടത്തുന്ന മൂന്നാം സെമസ്റ്റർ B.Ed പ്രോഗ്രാം ഇന്റേൺഷിപ്പ് ചെയ്യാൻ അനുമതി നൽകണമെന്ന് സൂചന കത്ത് പ്രകാരം വൈസ് ചാൻസലർ ആവശ്യപ്പെട്ടിരുന്നു. കോവിഡ്-19 വ്യാപനത്തെ തുടർന്ന് സ്കൂളുകൾ തുറക്കാത്ത സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് B.Ed/D.El.Ed വിദ്യാർത്ഥികൾക്ക് കേരളത്തിലെ എല്ലാ ഗവൺമെന്റ്/ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലും ഇന്റേൺഷിപ്പ് നടത്തുന്നതിന് വിദ്യാഭ്യാസ ഓഫീസർമാർ അനുമതി നൽകേണ്ടതാണ്.

1. സാധാരണ നിലയിൽ B.Ed ഇന്റേൺഷിപ്പിന് അതാത് സ്കൂളുകളുമായി B.Ed/D.El.Ed വിദ്യാർത്ഥികളെ അറ്റാച്ച് ചെയ്യുന്നതുപോലെ തന്നെ പ്രഥമാധ്യാപകരുടെ കീഴിൽ അറ്റാച്ച് ചെയ്യാവുന്നതാണ്.
2. ഇപ്പോൾ നടക്കുന്ന ഡിജിറ്റൽ ക്ലാസ്സുകളുമായി ബന്ധപ്പെടുത്തി പ്രവർത്തനങ്ങൾ നൽകാവുന്നതാണ്.
3. പ്രഥമാധ്യാപകർ, ക്ലാസ്സ് ടീച്ചർ എന്നിവരുടെ മേൽനോട്ടത്തിൽ B.Ed/ D.El.Ed വിദ്യാർത്ഥികൾക്കുള്ള ഇന്റേൺഷിപ്പ് പൂർത്തിയാക്കുന്നതിന്

നിലവിലെ സാഹചര്യങ്ങൾക്കനുസരിച്ച് യുക്തമായ പ്രവർത്തനം ആസൂത്രണം ചെയ്യാവുന്നതാണ്.

4. കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ടായിരിക്കണം അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്.

മേൽ നിർദ്ദേശങ്ങൾ കേരളത്തിലെ എല്ലാ B.Ed/D.El.Ed സ്ഥാപനങ്ങൾക്കും ബാധകമാക്കാവുന്നതാണ്.

വിശ്വസ്തതയോടെ

എം.കെ ഷൈൻ മോൻ
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:

(1) വൈസ് ചാൻസലർ
മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി
പ്രിയദർശിനി ഹിൽസ്.പി.ഒ
കോട്ടയം-686 560

(2) ഡയറക്ടർ
എസ്.സി.ഇ.ആർ.ടി
തിരുവനന്തപുരം

പകർപ്പ് നം.എ5/5169/20/ഡി.ഇ തീ. 19/20

B.Ed, D.El.Ed വിദ്യാർത്ഥികൾക്ക് മേൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി ഇന്റേൺഷിപ്പ് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

ജി.വി. ഉദയിസൻ
ആഫീസർ

ബി.ഒ

To All Headmasters